"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്‌ഡഡ് സ്കൂൾ - ജീവനക്കാര്യം - പത്തനംതിട്ട എ.എം.എം. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) ശ്രീമതി ലക്ഷ്മി പ്രകാശ് ഫയൽ ചെയ്ത റിട്ട് ഹർജി 28904/2025 മേലുള്ള 05/08/2025 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3740/2026/GEDN    തീയതി,തിരുവനന്തപുരം, 03-06-2026

---

പരാമർശം:-

1. പത്തനംതിട്ട എ.എം.എം. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) ശ്രീമതി ലക്ഷ്മി പ്രകാശ് സമർപ്പിച്ച 26.05.2025 ലെ റിവിഷൻ ഹർജി. (എക്സിബിറ്റ് പി-12)
2. റിട്ട് ഹർജി 28904/2025 മേലുള്ള 05/08/2025 ലെ വിധിന്യായം.
3. തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 11/11/2025-ലെ DEOTVL/1482/2025-B1 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/11/2025-ലെ ഇ.റ്റി.3/21672/2025/ഡിജിഇ നമ്പർ കത്ത്.
5. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 27/11/2025-ലെ DDEPTA/3363/2025-B3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട എ.എം.എം. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) ശ്രീമതി ലക്ഷ്മി പ്രകാശ് ഫയൽ ചെയ്ത റിട്ട് ഹർജി 28904/2025 മേലുള്ള 05/08/2025 ലെ വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 27/11/2025 തീയതിയിൽ ബന്ധപ്പെട്ട കക്ഷികളെ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2.<u>ഹർജിക്കാരിയായ ശ്രീമതി ലക്ഷ്മി പ്രകാശ് ന്റെ വാദം താഴെപ്പറയും പ്രകാരമായിരുന്നു.</u>

"തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാര പരിധിയിലുള്ള ഇടയാറന്മുള എ.എം.എം. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് ആയിരുന്ന ശ്രീമതി ജിജി ജേക്കബിന്റെ 01.11.2010 മുതൽ 31.10.2015 വരെയുള്ള ശൂന്യവേതനാവധി ഒഴിവിൽ ഹർജിക്കാരിയെ 01.06.2011 മുതൽ 31.10.2015 വരെ തുടക്കത്തിൽ നിയമിക്കുകയും ടി നിയമനത്തിന് Ext.P-1 ഉത്തരവ് പ്രകാരം നിയമനാംഗീകാരം ലഭിച്ചു. തുടർന്ന് ശ്രീമതി ജിജി ജേക്കബ് ടിയാളുടെ ശൂന്യവേതനാവധി 31.10.2020 വരെ ദീർഘിപ്പിച്ചതിനാൽ ടി വേക്കൻസിയിൽ ഹർജിക്കാരിയുടെ നിയമനം 31.10.2020 വരെ ദീർഘിപ്പിക്കുകയും Ext.P-2

ഉത്തരവ് പ്രകാരം നിയമനാംഗീകാരം ലഭിക്കുകയും ചെയ്തു. ഇപ്രകാരം ഹർജിക്കാരി ശ്രീമതി ജിജി ജേക്കബിന്റെ 01.10.2010 മുതൽ 31.10.2020 വരെയുള്ള അവധി ഒഴിവിൽ നിയമനം ലഭിച്ച് ലീവ് സബ്സ്റ്റിറ്റ്യൂട്ടായി സേവനത്തിലിരിക്കെ ശ്രീമതി ജിജി ജേക്കബ് അവധി അവസാനിച്ച് ജോലിയിൽ പ്രവേശിക്കാതെ 27.10.2020 തീയതിയിൽ മാനേജർക്ക് രാജി സമർപ്പിക്കുകയും ടി രാജി ടിയാൾ അവസാനം സ്കൂളിൽ ഹാജരായ 31.10.2010 തീയതി പ്രാബല്യത്തിൽ Ext.P-3 ഉത്തരവ് പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകി. ശ്രീമതി ജിജി ജേക്കബിന്റെ രാജി 31.10.2010 തീയതി പ്രാബല്യത്തിൽ അംഗീകരിച്ചതുമൂലം ടിയാളുടെ അവധി ഒഴിവ് രാജി ഒഴിവായി മാറിയതിനാൽ 31.10.2020 വരെ നിയമിച്ചിരുന്ന ലീവ് സബ്സ്റ്റിറ്റ്യൂട്ടായ ഹർജിക്കാരിയെ ടി റഗുലർ വേക്കൻസിയിൽ (രാജി ഒഴിവ്) 28.10.2020 മുതൽ ലാവണം ക്രമീകരിച്ച് മാനേജർ Ext.P-4 ഉത്തരവ് പുറപ്പെടുവിച്ച് അംഗീകാരത്തിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും ടി പ്രൊപ്പോസൽ Ext.P-5 കത്ത് പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ തിരികെ നൽകി. പിന്നീട് ഹർജിക്കാരിയുടെ നിയമനത്തിന് 15.07.2021 മുതൽ Ext.P-6 ഉത്തരവ് പ്രകാരം നിയമനാംഗീകാരം നൽകുകയും ചെയ്തു.

മേൽ വിവരിച്ചപ്രകാരം ഹർജിക്കാരി ശ്രീമതി ജിജി ജേക്കബിന്റെ ശൂന്യവേതനാവധി ഒഴിവിൽ 01.06.2011 മുതൽ നിയമനം ലഭിക്കുകയും ശ്രീമതി ജിജി ജേക്കബ് അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാതെ അവധിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ (right from the initial date of long leave) രാജി അംഗീകരിക്കുകയും തുടർന്ന് ടി രാജി ഒഴിവിൽ 28.10.2020 മുതൽ ക്രമീകരിച്ച നടപടി അംഗീകരിച്ച് 01.06.2011 മുതൽ തുടർച്ചയായി അംഗീകാരം നൽകണമെന്നപേക്ഷിച്ച് സമർപ്പിച്ച റിവിഷൻ ഹർജി സ.ഉ.(സാധാ)നം.3270/2025/പൊവിവ തീയതി 13.05.2025 പ്രകാരം (Ext.P-7) നിരസിച്ചുത്തരവായി.

Ext.P-7 ഉത്തരവിൽ പരിഗണിക്കപ്പെടാതെപോയ ചുവടെ വിവരിക്കുന്ന പ്രകടമായ പിശകുകൾ (apparent errors) കണക്കിലെടുത്ത് Ext.P-7 ഉത്തരവ് പുനഃപരിശോധിക്കണമെന്നപേക്ഷിച്ചാണ് 26.05.2025 തീയതിയിൽ Ext.P-12 റിവ്യൂ ഹർജിയും ബഹു. ഹൈക്കോടതിയിൽ 28904/2025 നമ്പർ റിട്ട് ഹർജിയും ഫയൽ ചെയ്തത്.

Ext.P-7 ഉത്തരവ് പുനഃപരിശോധിച്ച് ലീവ് സബ്സ്റ്റിറ്റ്യൂട്ടായിരുന്ന ഹർജിക്കാരിയുടെ 01.06.2011 മുതലുള്ള വ്യവസ്ഥാപിതമായി മാറിയ ഒഴിവിലെ (രാജി ഒഴിവ്) നിയമനത്തിന് 01.11.2020 മുതൽ 14.07.2021 വരെയുള്ള സേവനഭംഗം ഒഴിവാക്കി നിയമന തീയതി മുതൽ (01.06.2011 മുതൽ) റഗുലറൈസ് ചെയ്ത് തുടർച്ചയായി അംഗീകാരം നൽകണമെന്നതാണ് റിവ്യൂ ഹർജിയിലെ അപേക്ഷ ചുവടെ വിവരിക്കുന്ന കാരണത്താൽ ടി അപേക്ഷ അനുവദിക്കാവുന്നതാണ്.

i) ഹർജിക്കാരിയുടെ 01.06.2011 മുതലുള്ള നിയമനം ശ്രീമതി ജിജി ജേക്കബിന്റെ 01.11.2010 മുതൽ 31.10.2020 വരെയുള്ള ശൂന്യവേതനാവധി ഒഴിവിലായിരുന്നു. ശ്രീമതി ജിജി ജേക്കബ് അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാതെ രാജി സമർപ്പിക്കുകയും ടി രാജി 31.10.2020 തീയതി പ്രാബല്യത്തിൽ Ext.P-3 ഉത്തരവ് പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച നൽകുകയും ചെയ്തു. G.O.(MS)No.275/99/G.Edn. Dated 09.11.1999 ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു. "...... the service of leave substitutes will be regularised against the first arising permanent/regular vacancy in the respective schools in the order of seniority" ഈ കേസിൽ ഹർജിക്കാരിയുടെ ആദ്യ നിയമനം 01.06.2011 മുതൽ 31.10.2020 വരെയാണ്. ശ്രീമതി

ജിജി ജേക്കബിന്റെ രാജി തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർ Ext.P-3 പ്രകാരം 31.10.2010 തീയതി പ്രാബല്യത്തിൽ അംഗീകരിച്ച നൽകിയിട്ടുണ്ട്. അതായത് 31.10.2010 മുതൽ തന്നെ രാജി ഒഴിവ് നിലവിൽ വന്നു. ഈ ഒഴിവിൽ ലീവ് സബ്സ്റ്റിറ്റ്യൂട്ടായി നിലനിന്നിരുന്ന ഹർജിക്കാരിക്ക് സീനിയോറിറ്റി ക്രമത്തിൽ പ്രസ്തുത രാജി ഒഴിവിൽ 01.06.2011 മുതൽതന്നെ റഗുലറൈസ് ചെയ്യപ്പെടാൻ മേൽപ്പറഞ്ഞ G.O.(MS)No.275/99/G.Edn. dated 09.11.1999 (Ext.P4(a)) അർഹതയുണ്ട്. മറ്റ് സീനിയർ അവകാശികൾ ടി രാജി ഒഴിവിൽ ക്രമവൽക്കരിക്കപ്പെടാനില്ലായിരുന്നു. സമാനകേസിൽ ലീവ് സബ്സ്റ്റിറ്റ്യൂട്ടിനെ പ്രസ്തുത ലീവ് വേക്കൻസി പിന്നീട് രാജി ഒഴിവായി മാറിയതിനെ തുടർന്ന് നിയമന തീയതി മുതൽ റഗുലറൈസ് ചെയ്ത് സ.ഉ.(സാധാ)നം.331/2020/ പൊ.വി.വ. തീയതി 18.01.2020 Ext.P-8 പുറപ്പെടുവിച്ചിട്ടുണ്ട്. Ext.P-8 സർക്കാർ ഉത്തരവിന്റെ ആനുകൂല്യത്തിൽ 01.06.2011 മുതൽ ശ്രീമതി ജിജി ജേക്കബിന്റെ രാജി ഒഴിവിൽ റഗുലറൈസ് ചെയ്ത് ലഭിക്കുന്നതിന് ലീവ് സബ്സ്റ്റിറ്റ്യൂട്ടായ ഹർജിക്കാരിക്ക് അർഹതയുണ്ട്.

ii) ശ്രീമതി ജിജി ജേക്കബിന്റെ രാജി 31.10.2010 പ്രബല്യത്തിൽ അംഗീകരിച്ചതിനാൽ ഹർജിക്കാരിയെ 01.06.2011 മുതൽ നിയമിച്ച വേക്കൻസി സ്ഥിരമായതും 31.10.2020 ന് ശേഷവും തുടരുന്ന വേക്കൻസിയായി തീർന്നിരിക്കുന്നു. ടി വേക്കൻസിയിൽ 31.10.2020 തീയതിയിൽ ഹർജിക്കാരിക്ക് 9 വർഷം 5 മാസം തുടർച്ചയായ സേവനം ലഭ്യമായിട്ടുണ്ട്. അതിനാൽ ടി വേക്കൻസിയിൽ 09.11.1999 ലെ ജി.ഒ.(എം.എസ്.)നം.2751/99 പ്രകാരം നിയമന തീയതി മുതൽ ക്രമീകരിക്കേണ്ടതാണ്. അപ്പോൾ കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 49 ലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെടുന്ന വേക്കൻസിയിലെ നിയമനമായി കണക്കാക്കേണ്ടതാണ്. അങ്ങനെ പരിഗണിക്കപ്പെടുമ്പോൾ കെ.ഇ.ആർ. അദ്ധ്യായം 14 എ, ചട്ടം 49, 09.03.2018 ലെ ജെ3/182/2017/പൊവിവ നമ്പർ കത്ത് എന്നിവയിലെ വ്യവസ്ഥപ്രകാരം 01.06.2011 മുതൽ 31.10.2020 വരെ പരിമിതപ്പെടുത്താതെ 01.11.2020 മുതൽ 14.07.2021 വരെയുള്ള കാലയളവുകൂടി ഉൾപ്പെടുത്തി നിയമനതീയതി മുതൽ റഗുലറൈസ് ചെയ്യപ്പെടുന്നതിന് അർഹതയുണ്ട്. State of Kerala Vs Sneha Cherian (2013(1) KLT 755(SC)) കേസിലെ വിധിന്യായത്തിന്റെയും ടി വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 14.10.2015 ലെ ജെ2/44977/2013/പൊ.വി.വ. നമ്പർ കത്തിലെ നിർദ്ദേശങ്ങളും ഈ കേസിൽ ബാധകമാകുന്നതാണ്.

iii) സംസ്ഥാനത്ത് Covid-19 ലോക്ക് ഡൗൺ പ്രഖ്യാപിച്ചത് 2020 ജനുവരി മുതലാണ്. ഹർജിക്കാരിയുടെ നിയമനത്തിന് 31.10.2020 വരെ Ext.P2 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. അതായത് 2020 ജനുവരി മുതൽ 2020 ഒക്ടോബർ മാസം വരെയുള്ള കോവിഡ്-19 ലോക്ക്ഡൗൺ കാലയളവ് ഉൾപ്പെടുത്തി. ശ്രീമതി ജിജി ജേക്കബ് അവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാതെ 31.10.2010 തീയതി പ്രാബല്യത്തിൽ രാജി അംഗീകരിക്കുകയും ചെയ്തു. ടി വേക്കൻസിയിൽ 28.10.2020 മുതൽ ലാവണം ക്രമീകരിച്ച് തുടർച്ചയായി Ext.P4 പ്രകാരം മാനേജർ നിയമനഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതുമാണ്. അതിനാൽ കെ.ഇ.ആർ. അദ്ധ്യായം 14 എ ചട്ടം 49, 52 പ്രകാരം പുറത്താകാതെ 01.06.2011 മുതൽ തുടർച്ചയായി 01.11.2020 മുതൽ 14.07.2021 കാലയളവുൾപ്പെടെ ഹർജിക്കാരി ടി വേക്കൻസിയിൽ സേവനത്തിൽ തുടർന്നിരുന്നു എന്നത് Ext.P-2, Ext.P-4, Ext.P-5 എന്നിവയിലൂടെ വ്യക്തമാക്കപ്പെടുന്നു. കോവിഡ്-19 ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് എല്ലാ വകുപ്പുകളിലും, അതോടൊപ്പംതന്നെ സ്കൂളുകൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമല്ലാത്തതിനാൽ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ

സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിയമിതരായ അദ്ധ്യാപകർക്കും സ്കൂളുകൾ പ്രവർത്തിച്ചു തുടങ്ങുന്നതുവരെ വേതനം നൽകുന്നതിന് അനുമതി നൽകി സർക്കാർ G.O.(P)No.39/2020/Fin. dated 07.04.2020 (Ext.P9), G.O.(P)No.40/2020/Fin. dated 09.04.2020 (Ext.P.10), സ.ഉ.(സാധാ)നം.1957/2021/പൊവിവ തീയതി 26.02.2021 (Ext.P11) ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് എന്നിരിക്കെയാണ് 31.10.2010 മുതൽ ശ്രീമതി ജിജി ജേക്കബിന്റെ രാജിമൂലം സ്ഥാപിതമായ വേക്കൻസിയിൽ 01.06.2011 മുതൽ തുടർച്ചയായി സേവനത്തിലിരിക്കുകയും കോവിഡ്-19 ലോക്ക്ഡൗൺ കാലമുൾപ്പെടെ 2 (covering the period of Covid-19 Lockdown) 31.10.2020 വരെ പരിമിതപ്പെടുത്തിയും അംഗീകാരം ലഭിച്ച ഹർജിക്കാരിയുടെ കേസിൽ വിവേചനപരമായ നിലപാട് സ്വീകരിച്ചിരിക്കുന്നത് ചട്ടവിരുദ്ധവും സാമാന്യനീതിനിഷേധവുമാണ്. Ext.P7 സർക്കാർ ഉത്തരവ് Ext.P8 മുതൽ Ext.P11 വരെയുള്ള സർക്കാർ ഉത്തരവുകളിലെ കാഴ്ചപ്പാടിന് വിരുദ്ധവും ഹർജിക്കാരിയുടെ കേസിൽ വിവേചനപരവുമാണ്. അതിനാൽ പുനഃപരിശോധിക്കപ്പെടേണ്ടതാണ്.

മേൽ വിവരിച്ച കാരണങ്ങളും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെടുന്ന കാരണങ്ങളും പരിഗണിച്ച് ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ സെക്രട്ടറി തന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്:

i) Ext.P-7 ഉത്തരവ് റിവ്യൂ ചെയ്ത് 31.10.2010 മുതൽ സ്ഥാപിതമായി മാറിയ വേക്കൻസിയിലെ ഹർജിക്കാരിയുടെ 01.06.2011 മുതലുള്ള നിയമനത്തിന് 01.10.2020 മുതൽ 14.07.2021 വരെയുള്ള സേവഭംഗം ഒഴിവാക്കി Ext.P-2 ഉത്തരവ് പുനഃപരിശോധിച്ച് തുടർച്ചയായി അംഗീകാരം നൽകുന്നതിന് തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണമെന്ന് ആദരവോടെ അപേക്ഷിക്കുന്നു."

3.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.

"ഇടയാറന്മുള എ.എം.എം.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് ശ്രീമതി ജിജി ജേക്കബ് ന്റെ ശൂന്യവേതനാവധി ഒഴിവിൽ മാനേജർ ശ്രീമതി ലക്ഷ്മി പ്രകാശിനെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് ആയി 01/06/2011 മുതൽ 31/10/2015 വരെയും 01/11/2015 മുതൽ 31/10/2020 വരെയും നിയമിച്ചിട്ടുള്ളതും ടി നിയമനങ്ങൾ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും അംഗീകരിച്ച് നൽകിയിട്ടുള്ളതുമാണ്.

ടി സ്കൂളിലെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് അദ്ധ്യാപിക ആയിരുന്ന ശ്രീമതി ജിജി ജേക്കബ് 27/10/2020 ൽ രാജിവെച്ച ഒഴിവിലേക്ക് ശ്രീമതി ലക്ഷ്മി പ്രകാശ് നെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയിൽ 28/10/2020 പ്രാബല്യം മുതൽ നിയമിച്ച് മാനേജർ നിയമന പ്രൊപ്പോസൽ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിച്ചു. എന്നാൽ 2020-2021 വർഷം സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ സാഹചര്യം ഇല്ലാതിരുന്നിട്ടും ചില മാനേജർമാർ അധ്യാപക നിയമനങ്ങൾ നടത്തുകയും ആയത് അംഗീകാരത്തിനായി സമന്വയ മുഖേന സമർപ്പിക്കുകയും ചെയ്തതിന് നിയമപരമായി സാധുത ഇല്ലാത്തതിനാൽ പ്രസ്തുത നിയമന പ്രോപ്പോസലുകൾ മടക്കി നൽകാൻ H2/19500/2019/DGE തീയതി 13/10/2020 പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിയമനാംഗീകര അപേക്ഷ മടക്കി നൽകിയിട്ടുള്ളതാണ്.

തുടർന്ന് 06/07/2021 ലെ 3287/2021 നമ്പർ സർക്കാർ ഉത്തരവ്, ബഹു. പൊതു

വിദ്യാഭ്യാസ ഡയറക്ടറുടെ 12/07/2021 ലെ എച്ച് 2/19500/2019 കത്ത് എന്നിവ പ്രകാരം ശ്രീമതി ലക്ഷ്മി പ്രകാശിനെ 15/07/2021 മുതൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയിൽ മാനേജർ നിയമിച്ച് നിയമന പ്രൊപോസൽ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിച്ചു. ശ്രീമതി ജിജി ജേക്കബ് ന്റെ രാജി മാനേജർ 27/10/2020 ലെ 16/20 M നമ്പർ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ആയത് തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ ബി1/4935/2020/കെ.ഡിസ് 09/11/2020 പ്രകാരം അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. ശ്രീമതി ജിജി ജേക്കബിന്റെ രാജി അവസാനം സ്കൂളിൽ ഹാജരായ 31/10/2010 പ്രാബല്യത്തിൽ അംഗീകരിച്ച് ഉത്തരവായതിനാൽ ശ്രീമതി ലക്ഷ്മി പ്രകാശിനെ നിയമിക്കപ്പെട്ട ഒഴിവ് വ്യവസ്ഥാപിതമാകുകയും ശ്രീമതി ജിജി ജേക്കബിന്റെ രാജി ഒഴിവിലുള്ള ശ്രീമതി ലക്ഷ്മി പ്രകാശിന്റെ 15/07/2021 മുതലുള്ള നിയമനം അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

ഹർജിക്കാരി ശ്രീമതി ലക്ഷ്മി പ്രകാശ്, ശ്രീമതി ജിജി ജേക്കബിന്റെ ശൂന്യവേതനാവധി ഒഴിവിൽ 01/06/2011 മുതൽ തുടർച്ചയായി സേവനത്തിൽ ഉണ്ടായിരുന്നെങ്കിലും 30/10/2020 ൽ അവധി ഒഴിവിലെ ടിയാളുടെ നിയമനം അവസാനിക്കുന്നുണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് 2020-2021 വർഷം സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ 01/11/2020 മുതൽ 14/07/2021 വരെയുള്ള കാലയളവിൽ അവരെ നിയമിക്കാനോ നിയമനംഗീകാരം അനുവദിക്കാനോ നിലവിലുള്ള ഉത്തരവുകൾ പ്രകാരം വ്യവസ്ഥയില്ല. ആയതിനാൽ 01/06/2011 മുതൽ തുടർച്ചയായി നിയമനാംഗീകാരം ലഭിക്കണമെന്ന ഹർജിക്കാരിയുടെ ആവശ്യം പരിഗണിക്കാൻ കഴിയുകയില്ല."

4.സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഇടയാറന്മുള എ.എം.എം.എച്ച്.എസ്. ലെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് ശ്രീമതി ജിജി ജേക്കബിന്റെ ശൂന്യവേതനാവധി ഒഴിവിൽ മാനേജർ ശ്രീമതി ലക്ഷ്മി പ്രകാശിനെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് ആയി 01/06/2011 മുതൽ 31/10/2015 വരെയും 01/11/2015 മുതൽ 31/10/2020 വരെയും നിയമിക്കുകയും ടി നിയമനങ്ങൾ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന്, ശൂന്യവേതനാവധിയിൽ തുടർന്നിരുന്ന ശ്രീമതി ജിജി ജേക്കബ് 27/10/2020 മുതൽ എയ്ഡഡ് സ്കൂൾ സർവ്വീസിൽ നിന്നും രാജിവയ്ക്കുകയും, ടി രാജി ടിയാൾ ടി സ്കൂളിൽ അവസാനം ഹാജരായ 31/10/2010 പ്രാബല്യത്തിൽ അംഗീകരിച്ച് ഉത്തരവ് ആയിട്ടുണ്ട്. തുടർന്ന്, ശ്രീമതി ജിജി ജേക്കബിന്റെ ശൂന്യവേതനാവധി ഒഴിവിൽ തുടർന്നുവന്നിരുന്ന ശ്രീമതി ലക്ഷ്മി പ്രകാശിനെ 28/10/2020 മുതൽ റഗുലർ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് ആയി മാനേജർ നിയമിച്ചു. പ്രസ്തുത നിയമനം കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് 2020-21 വർഷം ഓഫ് ലൈനായി പ്രവർത്തിക്കാത്തതിനാൽ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർ മടക്കി നൽകിയെന്നും തുടർന്ന്, 15/07/2021 മുതൽ ടി നിയമനം റഗുലറായി അംഗീകരിച്ചു നൽകിയെന്നും ശ്രീമതി ജിജി ജേക്കബിന്റെ രാജി ടിയാൾ അവസാനം ടി സ്കൂളിൽ ഹാജരായ 31/10/2010 പ്രാബല്യത്തിൽ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചതിനാൽ ശ്രീമതി ലക്ഷ്മി പ്രകാശിന്റെ 01/06/2011 മുതൽ 31/10/2015 വരെയും 01/11/2015 മുതൽ 31/10/2020 വരെയുമുള്ള നിയമനാംഗീകാരം റിവൈസ് ചെയ്ത് 01/06/2011 മുതൽ തുടർച്ചയായി അംഗീകരിക്കണമെന്നതാണ് മാനേജരുടെ ആവശ്യം.

5.കോവിഡ് സാഹചര്യത്തിൽ സ്കൂളുകൾ തുറക്കാത്തതിനാൽ പുതിയ നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച് 2020-21 വർഷം ഉണ്ടായ അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്താതെ തുടരേണ്ടതാണെന്ന 22/01/2021 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.28/2021/പൊവിവ-യുടെ അടിസ്ഥാനത്തിൽ ശ്രീമതി ശ്രീലക്ഷ്മി പ്രകാശിന്റെ 01/11/2020 മുതൽ 14/07/2021 വരെയുള്ള നിയമനം അംഗീകരിച്ചു നൽകാനാകില്ല എന്ന കാരണത്താൽ 3270/2025/പൊവിവ തീയതി 13/05/2025 പ്രകാരം സർക്കാർ നിരസിച്ച സാഹചര്യത്തിലാണ് അതേ ആവശ്യം ഉന്നയിച്ച് ഈ റിവിഷൻ ഹർജി സമർപ്പിച്ചിരിക്കുന്നത്.

6.G.O.(Ms) No.275/99/GEdn തീയതി 09/11/1999 പ്രകാരം "....the service of leave substitutes will be regularised against the first arising permanent/regular vacancy in the respective schools in the order of seniority" ലീവ് സബ്സ്റ്റിറ്റ്യൂട്ട് ആയി നിലനിന്നിരുന്ന ശ്രീമതി ലക്ഷ്മി പ്രകാശിന് ശ്രീമതി ജിജി ജേക്കബിന്റെ രാജി ഒഴിവിൽ 01/06/2018 മുതൽ റെഗുലറൈസ് ചെയ്യിരിക്കപ്പെടാൻ യോഗ്യതയുണ്ട് എന്നാണ് ഹർജിക്കാരി വാദിക്കുന്നത്.

7.ശ്രീമതി ജിജി ജേക്കബിന്റെ രാജി 31.10.2010 മുൻകാല പ്രാബല്ല്യത്തിൽ അംഗീകരിച്ചതായി കാണുന്നു. ആയത് ക്രമപ്രകാരമല്ല.

KSR Part I Government decision 1(c) below Rule 23 പ്രകാരം

Date when a resignation becomes effective.——...... Where an officer is on leave, the competent authority should decide whether he will accept the resignation with immediate effect or with effect from the date following the termination of the leave. There is also no objection to a Government servant on leave being permitted to resign his post without rejoining duty after leave, provided the appointing authority so decides with due regard to the administrative convenience of the department. ......

In other cases also it is open to the competent authority to decide whether the resignation should become effective immediately or with effect from some prospective date. In the latter case, the date should be specified.

7.അതായത് രാജി സമർപ്പിക്കുന്ന തീയതി മുതൽ ഉടൻ പ്രാബല്യത്തിലോ തുടർന്നുള്ള ഏതെങ്കിലും തീയതി പ്രാബല്യത്തിലോ മാത്രമേ രാജി അംഗീകരിക്കാനാവൂ. മുൻകാലപ്രാബല്യത്തിൽ രാജി അംഗീകരിക്കാനാവില്ല. KSR Part I Government decision 1(c) below Rule 23-ന്റെ അടിസ്ഥാനത്തിൽ ശ്രീമതി ജിജി ജേക്കബിന്റെ രാജി 31.10.2010 മുൻകാല പ്രാബല്യത്തോടെ മാനേജർ അംഗീകരിച്ചതും അത് തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർ സാധൂകരിച്ചതും ക്രമപ്രകാരമല്ലാത്തതിനാൽ ടി നടപടിക്രമം റദ്ദാക്കുവാൻ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

9.ശ്രീമതി ലക്ഷ്മി പ്രകാശിനെ നിയമിച്ച ഒഴിവ് അവധി ഒഴിവായി തന്നെ നിലനിൽക്കുന്നതിനാൽ ടിയാളുടെ നിയമനം 01/06/2011 മുതൽ റഗുലർ ഒഴിവിലെ നിയമനമായി ക്രമീകരിച്ചു നൽകാനാകില്ല. കൂടാതെ ടിയാൾ സംരക്ഷിതാധ്യാപികയല്ലാത്തതിനാൽ ടി തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് പുറത്തുനിന്ന 01/11/2020 മുതൽ 14/07/2021 വരെയുള്ള കാലയളവ് നോൺഡ്യൂട്ടിയായി ക്രമീകരിക്കാനാകില്ല. ആയത് സേവനഭംഗമായിത്തന്നെ

നിലനിൽക്കുന്നതാണ്. കൂടാതെ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാനാകാത്തതിനാൽ 06/07/2021 തീയതിയിലെ G.O.(Rt)No.3287/2021/G.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എയ്ഡഡ് സ്കൂളുകളിലെ രാജി, മരണം, പ്രമോഷൻ, റിട്ടയർമെന്റ് എന്നിവ മൂലം ഉണ്ടാകുന്ന റഗുലർ ഒഴിവുകളിൽ മാത്രം 15/07/2021 മുതൽ നിയമനം നടത്താനുള്ള അനുമതി സർക്കാർ നൽകിയിരുന്നു. ആയതിനാൽ ശ്രീമതി ലക്ഷ്മി പ്രകാശിന്റെ നിയമനം 15/07/2021 മുതൽ മാത്രം റഗുലറായി അംഗീകരിച്ചു നൽകിയ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമപ്രകാരമാണ്.

10.മേൽ സാഹചര്യത്തിൽ എക്സിബിറ്റ് പി12 റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

11.മേൽപ്രകാരം എക്സിബിറ്റ് പി12 റിവിഷൻ ഹർജി തീർപ്പാക്കി ബഹു.ഹൈക്കോടതിയുടെ റിട്ട് ഹർജി 28904/2025 ന്മേലുള്ള 05.08.2025 ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീമതി ലക്ഷ്മി പ്രകാശ്, എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്), എ.എം.എം. ഹയർ സെക്കന്ററി സ്കൂൾ, ഇടയാറന്മുള, പത്തനംതിട്ട-689 532.
മാനേജർ, എ.എം.എം. ഹയർ സെക്കന്ററി സ്കൂൾ, ഇടയാറന്മുള, പത്തനംതിട്ട-689 532.
ഹെഡ്മാസ്റ്റർ/വൈസ് പ്രിൻസിപ്പാൾ, എ.എം.എം. ഹയർ സെക്കന്ററി സ്കൂൾ, ഇടയാറന്മുള, പത്തനംതിട്ട-689 532.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവല്ല, പത്തനംതിട്ട-689 101.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (18.04.2026 ലെ **GE-JA3/180/2026-G.EDN** പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/153/2025/പൊവിവ)

ഉത്തരവിൻ പ്രകാരം
Signed by
Abeeja Raj B
Date: 03-06-2026 16:00:08
സെക്ഷൻ ഓഫീസർ